ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കേരള പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - ശ്രീ ഹിഷാം എം - ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ ) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. DTETVM/7684/2025-EB3 (EB)** **തിരുവനന്തപുരം, തീയതി : 03-09-2025**

---

വായന :-

1. **10.06.2025** തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **R1C-1/23/2025-KPSC** നം. നിയമന ശിപാർശ കത്ത്.

2. ഈ കാര്യാലയത്തിൽ നിന്നുമുള്ള **20-08-2025** തീയതിയിലെ **DTETVM/6375/2025-EB3 (EB)** നം. നിയമന ഉത്തരവ്.

3. ശ്രീ ഹിഷാം എം-ൻറെ **29.09.2025** തീയതിയിലെ അപേക്ഷ.

4.സ.ഉ.(പി) നമ്പർ **14/99/P&ARD** തീയതി. **17.7.1999.**

5.സർക്കുലർ നമ്പർ **5966/Adv.C3/2000/P&ARD** തീയതി. **28.6.2000.**

**<u>ഉത്തരവ്</u>**

വായന (1) ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടിക പ്രകാരം ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥിയെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ ) തസ്തികയിൽ വായന (2) പ്രകാരം നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി **03.09.2025** തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനുമാണ് നിർദ്ദേശിച്ചിരുന്നത്. ഉദ്യോഗാർത്ഥിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. (As per the Order) | Name and address of the candidate | Name of the institution that the candidate has been appointed. |
|---|---|---|
| | HISHAM M | GOVT.TECHNICAL HIGH |

| | | |
|---|---|---|
| 7 | METHAL HOUSE AMAYOOR MALAPPURAM AMAYOOR | SCHOOL, KUTTIPPURAM MALAPPURAM |

എന്നാൽ ശ്രീ ഹിഷാം എം പൊതുമാരാമത്ത് വകുപ്പിൽ ജോലി നോക്കി വരികയാണെന്നും ആയതിനാൽ ടി വകുപ്പുകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുണ്ടെന്നും ഇതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവേശന കാലം ദീർഘിപ്പിച്ച് നൽകണമെന്നും വായന (3) പ്രകാരം അപേക്ഷച്ചിരിക്കുന്നു. പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന (4) (5) ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന (4) (5)-ലെ ഉത്തരവുകൾക്ക് വിധേയമായി ടിയാന് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതി മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ ഹിഷാം എം , വായന (2) പ്രകാരമുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം തികയുന്ന ദിവസമോ (03.10.2025) അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്.

**Ashalatha R**
**JOINT DIRECTOR (IIIC)**

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Ashalatha R
Date: 03-09-2025 11:27:36